ഭവന നിർമ്മാണത്തിനുള്ള ഗ്രാന്റ്

255 (956) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) പട്ടികജാതി വിഭാഗങ്ങളുടെ ഭവനനിർമ്മാണത്തിനുള്ള ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ ഭവനരഹിതരായി എത്ര പട്ടികജാതി കുടുംബങ്ങൾ സംസ്ഥാനത്തുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12-ൽ ഭവനനിർമ്മാണ ധനസഹായ തുക ഒരു ലക്ഷത്തിൽനിന്നും രണ്ട് ലക്ഷമായും 2014-15 രണ്ട് ലക്ഷത്തിൽനിന്നും മൂന്ന് ലക്ഷമായും വർദ്ധിപ്പിക്കുകയുണ്ടായി. പട്ടികജാതിയിലെ ദുർബ്ബല വിഭാഗങ്ങൾക്കുള്ള പുനരധിവാസ പദ്ധതി പ്രകാരമുള്ള ഭവനനിർമ്മാണ ധനസഹായം 2014-15-ൽ രണ്ട് ലക്ഷത്തിൽനിന്നും 3.50 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഭവനനിർമ്മാണ ധനസഹായ തുക വീണ്ടും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി)

തിരുവനന്തപുരം	-	4172
കൊല്ലം	-	1163
പത്തനംതിട്ട	-	849
ആലപ്പുഴ	-	964
കോട്ടയം	-	2022
ഇടുക്കി	-	997
എറണാകുളം	-	1876
തൃശ്ശൂർ	-	3796
പാലക്കാട്	-	3374
മലപ്പുറം	-	100
കോഴിക്കോട്	-	7230
വയനാട്	-	210
കണ്ണൂർ	-	296
കാസർഗോഡ്	-	366

LIBRARY ARCHIVES Kerala Legislative Assembly